STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.168/PR/SPMC/PHQ/2022 Date:03.09.2022

**പോലീസ് ആസ്ഥാനത്ത് ഓണാഘോഷം ഡി ജി പി ഉദ്ഘാടനം ചെയ്തു**

പോലീസ് ആസ്ഥാനത്തെ ഓണാഘോഷപരിപാടികൾ സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് ഉദ്ഘാടനം ചെയ്തു.

പോലീസ് ഹെഡ് ക്വാർട്ടേഴ്സ് സ്റ്റാഫ് റിക്രിയേഷൻ ക്ലബ്ബിന്റെ ആഭിമുഖ്യത്തിലാണ് പോലീസ് ആസ്ഥാനത്തെയും ക്രൈംബ്രാഞ്ച് ആസ്ഥാനത്തെയും ഉദ്യോഗസ്ഥർ ഓണം ആഘോഷിച്ചത്. അത്തപ്പൂക്കള മത്സരങ്ങളും വടംവലിയും കസേരകളിയും ഓണാഘോഷത്തിന് മാറ്റ് കൂട്ടി.

വൈകിട്ട് നടന്ന സാംസ്കാരിക സന്ധ്യ സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് ഉദ്ഘാടനം ചെയ്തു. മുതിർന്ന പോലീസ് ഓഫീസർമാരും ജീവനക്കാരും ചടങ്ങുകളിൽ പങ്കെടുത്തു. തുടർന്ന് പോലീസ് ഓർക്കസ്ട്രയുടെയും ജീവനക്കാരുടെയും നേതൃത്വത്തിൽ ഗാനസന്ധ്യ അരങ്ങേറി.

ഫോട്ടോ ക്യാപ്ഷൻ

1, 2. കേരള പോലീസ് ഹെഡ് ക്വാർട്ടേഴ്സ് സ്റ്റാഫ് റിക്രിയേഷൻ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തിയ പോലീസ് ആസ്ഥാനത്തെയും ക്രൈംബ്രാഞ്ച് ആസ്ഥാനത്തെയും ഓണാഘോഷം സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് ഉദ്ഘാടനം ചെയ്യുന്നു.

2, 3, 4. ഓണാഘോഷ പരിപാടിയിൽ പോലീസ് ഓർക്കെസ്ട്ര ഗാനമേളയുടെ ദൃശ്യങ്ങൾ

*******************